(ഡി) വാണിജ്യ നികുതി വകുപ്പിൽ സ്വർണ്ണ വിപണന രംഗത്തുനിന്നുള്ള നികുതിയിനത്തിന് പ്രത്യേകമായി ടാർജറ്റ് നിശ്ചയിച്ചിട്ടില്ല. 2015 ഡിസംബർ 31 വരെ ഈയിനത്തിൽ 408.68 കോടി രൂപ ലഭിച്ചിട്ടുണ്ട്.

2015-16 സാമ്പത്തിക വർഷത്തെ പദ്ധതികൾ

197 (172) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച പുതിയ പദ്ധതികൾ നടപ്പിലാക്കിയതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(ബി) വകുപ്പ് തിരിച്ചുള്ള പുതിയ പദ്ധതികളുടെ എണ്ണവും അവയ്ക്ക് ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച തുകയും, ബഡ്ജറ്റിൽ വകയിരുത്തിയ തുകയും, പദ്ധതികൾക്കായി പിൻവലിച്ച തുകയും സംബന്ധിച്ച സാമ്പത്തിക കണക്കുകൾ ലഭ്യമാക്കുമോ;

(സി) 2015-16 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച പുതിയ പദ്ധതികൾ എത്രയായിരുന്നു; അതിൽ പൂർണ്ണമായും സാക്ഷാത്ക്കരിക്കപ്പെട്ടവ എത്ര; ബഡ്ജറ്റിൽ പ്രഖ്യാപിച്ചെങ്കിലും ആവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തപ്പെടാത്തതിനാൽ നടപ്പാക്കാൻ സാധിച്ചിട്ടില്ലാത്തവ എത്ര; ബന്ധപ്പെട്ട വകുപ്പുകൾ പദ്ധതി നിർവ്വഹണത്തിൽ മുൻകൈ എടുക്കാതിരുന്നതും ഫണ്ടുകൾ നല്കുന്നതിൽ ധനകാര്യ വകുപ്പിൽ നിന്നുണ്ടായ വീഴ്ചയും കാരണം സാക്ഷാത്ക്കരിക്കപ്പെടാതെ പോയ പദ്ധതികൾ എത്ര; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

2015-16 സാമ്പത്തിക വർഷത്തിലെ പ്ലാൻ & നോൺ പ്ലാൻ ഇനത്തിലുള്ള ബഡ്ജറ്റ് വിഹിതം

198 (173) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 31-12-2015 ൽ അവസാനിക്കുന്ന തീയതിൽ 2015-16 സാമ്പത്തിക വർഷത്തിലെ പ്ലാൻ & നോൺ പ്ലാൻ ഇനത്തിലുള്ള ബഡ്ജറ്റ് വിഹിതവും ചെലവും വകുപ്പ് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്ലാൻ & നോൺ പ്ലാൻ ഇനത്തിൽ ആകെ വകയിരുത്തിയിട്ടുള്ള ബഡ്ജറ്റ് വിഹിതവും ചെലവും സംബന്ധിച്ചുള്ള സ്റ്റേറ്റ്മെന്റ് നൽകുമോ?

ഉത്തരം

(എ) 2015-16 സാമ്പത്തിക വർഷം വിവിധ വകുപ്പുകൾക്ക് വ്യത്യസ്ഥ ധനാഭ്യർത്ഥനകളിലായി പദ്ധതി ഇതര ഇനത്തിലുള്ള ബഡ്ജറ്റ് വിഹിതവും 2015 നവംബർ മാസം വരെയുള്ള അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരമുള്ള ചെലവും സംബന്ധിച്ച സ്റ്റേറ്റ്മെന്റ് അനുബന്ധമായി ചേർക്കുന്നു*.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്ലാൻ & നോൺ പ്ലാൻ ഇനത്തിൽ ഉപധനാഭ്യർത്ഥന ഉൾപ്പെടെ ആകെ വകയിരുത്തിയിട്ടുള്ള ബഡ്ജറ്റ് വിഹിതവും ചെലവും ചുവടെ ചേർക്കുന്നു:

(തുക കോടിയിൽ)

വർഷം	ബഡ്ജറ്റ് വിഹിതം	ചെലവ്
2011-12	48553.44	45215.94
2012-13	56915.06	52941.42
2013-14	67850.98	58882.72
2014-15	79813.82	67813.44
2015-16	86031.38	44491.38*

* 2015 നവംബർ വരെയുള്ള അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം.

2015-16 ബഡ്ജറ്റിൽ പശ്ചാത്തല വികസന പദ്ധതികൾക്ക് പ്രഖ്യാപിച്ച തുക

199 (174) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16 ബഡ്ജറ്റിൽ പ്രധാന പശ്ചാത്തല വികസന പദ്ധതികൾക്ക് പ്രഖ്യാപിച്ച 2000 കോടി, വിഴിഞ്ഞം പദ്ധതിക്ക് പ്രഖ്യാപിച്ച 600 കോടി, കൊച്ചിമെട്രോ റെയിൽ പദ്ധതിക്ക് പ്രഖ്യാപിച്ച സംസ്ഥാന വിഹിതമായ 940 കോടി ഇവ ഓരോന്നിനും നാളിതുവരെ തന്നാണ്ടിൽ ചെലവഴിച്ച തുക എത്രയാണെന്ന് വിശദമാക്കാമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly